**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4993** — **20-03-2025 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന വിദ്യാഭ്യാസ ഏജൻസികൾ നടത്തുന്ന പരീക്ഷയ്ക്കുള്ള തുല്യതാ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ ഏജൻസികൾ നടത്തുന്ന പത്താം തരം, പന്ത്രണ്ടാം തരം പരീക്ഷകൾ വിജയിക്കുന്ന കുട്ടികൾക്ക് സംസ്ഥാനത്ത് തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | മറ്റു സംസ്ഥാനങ്ങളിലോ രാജ്യങ്ങളിലോ പഠിച്ച് സർട്ടിഫിക്കറ്റുമായി എത്തുന്നവർക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ടി എസ്.സി.ഇ.ആർ.ടി ഡയറക്ടർ അധ്യക്ഷനായി ഒരു ഇക്വലൻസി സ്റ്റാൻഡിംഗ് കമ്മിറ്റി 02.06.2018 ലെ ജി.ഒ (ആർ.ടി)നം.2038/2018/പൊ.വി.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ, സംസ്ഥാനസർക്കാരുകൾ, കേന്ദ്രഭരണപ്രദേശങ്ങളിലെ സർക്കാരുകൾ,വിദ്യാഭ്യാസ ബോർഡുകൾ എന്നിവർ നേരിട്ട് നടത്തുന്ന എല്ലാ റെഗുലർ സെക്കന്ററി/ ഹയർസെക്കന്ററി കോഴ്സുകൾക്കും നിരുപാധികം ഇക്വലൻസി നൽകാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ, സംസ്ഥാനസർക്കാരുകൾ, കേന്ദ്രഭരണപ്രദേശങ്ങളിലെ സർക്കാരുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള സ്കൂൾ ബോർഡുകൾ നടത്തുന്ന റെഗുലർ അല്ലാത്ത കോഴ്സുകൾക്ക് ഉപാധികളോടെ ഇക്വലൻസി സ്റ്റാൻഡിങ് കമ്മിറ്റിയുടെ കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം അംഗീകാരം നൽകാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്.<br><br>മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സെക്കന്ററി/ ഹയർസെക്കന്ററി കോഴ്സുകൾ പൂർത്തിയാക്കിയവർ തുല്യതാ സർട്ടിഫിക്കറ്റിനായി എസ്.സി.ഇ.ആർ.റ്റി ഡയറക്ടർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കോഴ്സ് സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പ് ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് അപേക്ഷയോടൊപ്പം സമർപ്പിക്കണം. തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഫീസ് (DD) കൂടി നൽകണം. |

| | | | |
|---|---|---|---|
| | | | ഇതോടൊപ്പം 50രൂപ വില വരുന്ന മുദ്രപത്രത്തിൽ നിശ്ചിത ഫോർമാറ്റിൽ ഉള്ള സത്യവാങ്മൂലം നൽകണം. സത്യവാങ്മൂലത്തിന്റെ ഫോർമാറ്റ് SCERT വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എൻ.ഐ.ഒ.എസ്. പരീക്ഷ പാസ്സായ കുട്ടികൾക്ക് തുല്യത നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (എൻ.ഐ.ഒ.എസ്)ൽ നിന്നും സെക്കന്ററി/ഹയർ സെക്കന്ററി കോഴ്സുകൾ പൂർത്തിയാക്കിയവർ തുല്യത സർട്ടിഫിക്കറ്റിനായി എസ്.സി.ഇ.ആർ.റ്റി ഡയറക്ടർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കോഴ്സ് സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പ് ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് അപേക്ഷയോടൊപ്പം സമർപ്പിക്കണം. തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഫീസ് (DD) കൂടി നൽകണം. ഇതോടൊപ്പം 50രൂപ വില വരുന്ന മുദ്രപത്രത്തിൽ നിശ്ചിത ഫോർമാറ്റിൽ ഉള്ള സത്യവാങ്മൂലം നൽകണം. സത്യവാങ്മൂലത്തിന്റെ ഫോർമാറ്റ് SCERT വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**സെക്കന്ററി കോഴ്സുകളുടെ മാനദണ്ഡം**<br><br>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (എൻ.ഐ.ഒ.എസ് ) നടത്തുന്ന സെക്കന്ററി കോഴ്സുകളെ സംബന്ധിച്ച് 24.10.2019ലെ സ.ഉ.(സാധാ)നം.4411/2019/പൊവിവ പ്രകാരം എൻ.ഐ.ഒ.എസ് സെക്കന്ററി കോഴ്സ് പഠിക്കുന്നവർ രണ്ട് ഭാഷാ വിഷയങ്ങളും സാമൂഹ്യശാസ്ത്രം, ശാസ്ത്രം, ഗണിതം എന്നീ അഞ്ചു വിഷയങ്ങൾ നിർബന്ധമായി പഠിക്കുകയും ഓരോ വിഷയത്തിനും കുറഞ്ഞത് ഡി പ്ലസ് ഗ്രേഡ് അല്ലെങ്കിൽ 30% മാർക്ക് നേടി ഉപരിപഠനത്തിന് യോഗ്യത നേടിയിരിക്കുകയും വേണം. രണ്ട് ഭാഷാവിഷയങ്ങളിൽ ഒന്ന് മലയാളം ആയിരിക്കണം. അതോടൊപ്പം തുല്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകൻ/ അപേക്ഷകയ്ക്ക് 17 വയസ്സ് പൂർത്തിയായിരിക്കേണ്ടതുമാണ്.<br><br>**സീനിയർ സെക്കന്ററി കോഴ്സുകളുടെ മാനദണ്ഡം**<br><br>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (എൻ.ഐ.ഒ.എസ് ) നടത്തുന്ന സെക്കന്ററി കോഴ്സുകളെ സംബന്ധിച്ച 24.10.2019ലെ സ.ഉ.(സാധാ)നം.4411/2019/പൊവിവ പ്രകാരം എൻ.ഐ.ഒ.എസ് സീനിയർ സെക്കന്ററി കോഴ്സ് പഠിക്കുന്നവർ അഞ്ച് വിഷയങ്ങൾ വിജയിച്ചിരിക്കുകയും ഓരോ വിഷയത്തിലും കുറഞ്ഞത് ഡി പ്ലസ് ഗ്രേഡ് |

| | | | |
|---|---|---|---|
| | | | അല്ലെങ്കിൽ 30% മാർക്ക് നേടി ഉപരിപഠനത്തിന് യോഗ്യത നേടിയിരിക്കുകയും വേണം. രണ്ടു ഭാഷാ വിഷയങ്ങളും മൂന്നു കോർ വിഷയങ്ങളും നിർബന്ധമായും പഠിച്ചിരിക്കണം. രണ്ട് ഭാഷാവിഷയങ്ങളിൽ ഒന്ന് ഇംഗ്ലീഷ് ആയിരിക്കണം. പ്രാക്ടിക്കൽ ഉള്ള വിഷയ കോമ്പിനേഷനുകളുടെ കാര്യത്തിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി കോഴ്സുകളിൽ പ്രാക്ടിക്കൽ ഉള്ള സബ്ജക്ട് കോമ്പിനേഷന്റെ ഏതെങ്കിലും ഒരു സബ്ജക്ട് കോഡിൽ ഉൾപ്പെടുത്തിയിട്ടുള്ള നാല് ഐച്ഛികവിഷയങ്ങളിൽ ഏതെങ്കിലും മൂന്ന് ഐച്ഛികവിഷയങ്ങൾ തിരഞ്ഞെടുത്തു പഠിച്ചവരായിരിക്കണം. പ്രാക്ടിക്കൽ ഇതര സബ്ജക്ട് കോമ്പിനേഷനുകളുടെ കാര്യത്തിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി കോഴ്സിലെ ഏതെങ്കിലും വിഷയ കോമ്പിനേഷനുകളിൽ ഉൾപ്പെട്ടിട്ടുള്ള മൂന്ന് ഐച്ഛിക വിഷയങ്ങൾ തെരെഞ്ഞെടുത്ത് പഠിച്ചവരുമായിരിക്കണം. ഇതോടൊപ്പം തുല്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകൻ/ അപേക്ഷക 19 വയസ്സ് പൂർത്തിയായിരിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ